Road for Gothuruthi.

256. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി ഉത്തരം നല്കുമോ:—

(a) ഗോതുരുത്തിലേക്കുനടപ്പിച്ചിട്ടുള്ള റോഡിന്റെ പണി കരാർ എല്പിച്ചുവൊ;

(b) ഈ പണി എപ്പോൾ ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഇല്ല. പക്ഷെ ടെൻഡർ ഫോം കൊടുത്തിട്ടുണ്ട്.

(b) റോഡിനു വേണ്ടതായ ഭൂമികളിൽ ഉള്ള ചമയങ്ങൾക്കു വില ആവശ്യമില്ലെന്നു് ഭൂമിഉടമസ്ഥന്മാർ ആദ്യം പറഞ്ഞിരുന്നു. പിന്നീടു ചമയങ്ങൾക്കും വില കിട്ടേണമെന്നും റോഡുതന്നെ ആവശ്യമില്ലെന്നും കാണിച്ചു ചില ഹർജികൾ അയച്ചിട്ടുള്ളതു് വിചാരണയിൽ ഇരിക്കുകയാണു്. ഇവ തീരുമാനമായതിനുശേഷമല്ലാതെ പണി ആരംഭിക്കുവാൻ തരമില്ല.

Election—Lokamaleswaram Panchayat.

257. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ലോകമലേശ്വരം ഗ്രൂപ്പു് പഞ്ചായത്തിന്റെ രണ്ടാമത്തെ തിരഞ്ഞെടുപ്പു് കഴിഞ്ഞു് കാലമെത്രയായി;

(b) തിരഞ്ഞെടുപ്പു് സ്ഥിരപ്പെടുത്തുകയുണ്ടായൊ;

(c) ഇല്ലെങ്കിൽ കാരണമെന്തു്

(d) ഏറിയാട വില്ലേജിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറിന്റെ സ്ഥാനം ഉപ്പിലപ്പെടുത്തി എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവും ഉണ്ടൊ;

(e) ഉവ്വു് എങ്കിൽ അതിന്റെ കാരണമെന്തു;

(f) പ്രസ്തുത മെമ്പറിനെ കാലെക്കൂട്ടി വിവരം അറിയിക്കയും ആ മാന്യന്റെ വാദങ്ങൾ കേൾക്കയും തെളിവെടുക്കയും ചെയ്തിട്ടുണ്ടൊ; ഇല്ലെങ്കിൽ അതിനു കാരണമെന്തു;

(g) ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ പ്രസ്തുത മാന്യൻ എതിരില്ലാതെ മെമ്പറായും പ്രസിഡെണ്ടായും തിരഞ്ഞെടുക്കപ്പെട്ടിരുന്നൊ; ആ അവസരത്തിൽ ഗവമ്മെണ്ടിനു വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടൊ; ഉവ്വു് എങ്കിൽ ആ ആക്ഷേപങ്ങൾ തള്ളിക്കളഞ്ഞു് തിരഞ്ഞെടുപ്പു സ്ഥിരപ്പിപ്പാനുണ്ടായ കാരണങ്ങളും ന്യായങ്ങളും എന്തു;

(h) ഒന്നാമത്തെ തിരഞ്ഞെടുപ്പവസരത്തിലുണ്ടായ ആക്ഷേപങ്ങൾ ഇരുഭാഗത്തേയും തെളിവുകൾ, സൂപ്രണ്ടിന്റെ റിപ്പോർട്ടു്, ഗവമ്മെണ്ടിന്റെ ഉത്തരവു്, രണ്ടാമത്തെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ, ഇരുഭാഗത്തേയും തെളിവുകൾ, സൂപ്രണ്ടിന്റെ റിപ്പോർട്ടു്, ഗവമ്മെണ്ടിന്റെ ഉത്തരവു് മുതലായ ഫയലുകൾ മേലുപ്പറത്തു വെക്കുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) പുതിയ മെമ്പർമാരുടെ തിരഞ്ഞെടുപ്പു് ഫാറം മിഥുനം ൨൪-൦൦-ാം൯൩-യിലാണു് ഉണ്ടായതു്.

(b) ഇല്ല.

(c) തിരഞ്ഞെടുത്ത മെമ്പർമാരിൽ ഒരാൾക്കു നിയമപ്രകാരമുള്ള നികുതി ജമയില്ലെന്നും മറ്റൊരാൾ ക്രിമിനാൽ ശിക്ഷയിൽപെട്ടിട്ടുള്ള ആളാണെന്നും ആക്ഷേപമുള്ളതു് ശരിയാണെന്നു കണ്ടതുകൊണ്ടു്.

(d) ഉണ്ടു്.

(e) ക്രിമിനൽ ശിക്ഷയിൽപെട്ട ആളായതുകൊണ്ടു്.

(f) ഇല്ല. വിധിപകർപ്പു് നോക്കിയതിൽ തെളിവെടുക്കേണ്ട ആവശ്യമില്ലെന്നു തോന്നിയതിനാൽ.

LIBRARY ARCHIVES Kerala Legislative Assembly